"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- WP(c) 34591/18, W.P.(C) No.41816/2018, WP(c) 28438/2019, WP(c) 28457/2019 എന്നീ കേസുകളിലെ കേരള ഹൈക്കോടതിയുടെ വിധി- ദേശീയപാത 66 വികസനത്തിന് നഷ്ടപരിഹാരമായി സഉ(കൈ)448/2017/റവന്യൂ പ്രകാരമുള്ള റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിച്ചും ബഹു. ഹൈക്കോടതി വിധിന്യായം നടപ്പാക്കിയും ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.1932/2025/PWD    തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:-

1. സഉ(കൈ)448/2017/റവന്യൂ തീയതി 29.12.2017
2. WP(c) 34591/18, W.P.(C) No.41816/2018, WP(c) 28438/2019, WP(c) 28457/2019 എന്നീ കേസുകളിലെ കേരള ഹൈക്കോടതിയുടെ 11.06.2025 ലെ വിധി
3. കണ്ണൂർ ജില്ലാ കളക്ടറുടെ 12.08.2025, 27.10.2025 തീയതികളിലെ DCKNR/2704/2025-C5 നമ്പർ കത്തുകൾ

**ഉത്തരവ്**

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ്, വകുപ്പ് 107, 108 എന്നിവ പ്രകാരമുള്ള അധികാരം വിനിയോഗിച്ചാണ് പരാമർശം 1 ലെ ഉത്തരവ് റവന്യൂ വകുപ്പ് പുറത്തിറക്കിയത്. ഈ ഉത്തരവ് പ്രകാരം രൂപീകരിച്ച Rehabilitation & Resettlement Policy ദേശീയ പാത 66 വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കലിനും ബാധകമാക്കിയിരുന്നു. 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ടിന്റെ രണ്ടാം ഷെഡ്യൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ നിന്ന് വ്യതിചലിച്ച് സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനായി ഒരു സമഗ്രമായ പുനരധിവാസ, പുനഃസ്ഥാപന നയം രൂപീകരിക്കാനും നിലവിലുള്ള

സാഹചര്യങ്ങൾ കണക്കിലെടുത്ത്, ബാധിത കക്ഷികൾക്ക് കൂടുതൽ നഷ്ടപരിഹാരം നൽകാനും തീരുമാനിച്ചു പുറപ്പെടുവിച്ചിട്ടുള്ളതാണ് പരാമർശം 1 ലെ ഉത്തരവ്. ദേശീയപാത 66 ഭൂമി ഏറ്റെടുക്കലിന് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ ഷെഡ്യൂൾ 2 പ്രകാരമുള്ള നഷ്ടപരിഹാരം മാത്രമേ ദേശീയപാത അതോറിറ്റി നൽകുന്നുള്ളൂ . ഈ സാഹചര്യത്തിൽ ദേശിയപാത വികസനത്തിന് ഭൂമി ഏറ്റടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കുന്ന കച്ചവടക്കാർക്ക് കേരള സർക്കാർ പുറപ്പെടുവിച്ച 29/12/2017ലെ സ.ഉ (എം എസ്) നം.448/2017/റവ ഉത്തരവിലെ 11-ാം ഇനത്തിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ബഹു ഹൈകോടതിയിൽ WP(c) 34591/18, W.P.(C) No.41816/2018, WP(c) 28438/2019, WP(c) 28457/2019 എന്നീ കേസുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസുകളിൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധി ന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരുന്നു:-

"*This Court notices that the petitioners seek the benefit extended pursuant to the Government Order referred to above. This Court further notices that the Government Order (produced as Ext.P1 in W.R(C) No.41816 of 2018) is issued by the State of Kerala, and the NHAI cannot be held bound by the promises contained therein. The NHAI's liability, if any, comes with reference to the provisions of the Right to Fair Compensation, and Transparency in Land Acquisition, Rehabilitation and Resettlement Act, 2013, read along with the provisions of the National Highways Act, 1956, whereas the petitioners seek the benefit out of Ext.P1 Government Order. A reading of the notification at Ext.P1 would show that the Government has issued the same, taking note of the resistance faced by the Land Acquisition Authorities from shop owners/traders like the petitioners herein and decided to provide for more compensation to those who are affected than that provided by the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013. Therefore, the scheme under Ext.P1 is independent of the liability, if any, under the afore Act. In such circumstances, it is for the State Government to act in accordance with the terms of the Government Order.*

*In such circumstances, while holding that the NHAI may not be liable for compensating the petitioners in these writ petitions with reference to the provisions of the notification referred to above, I direct the State Government to take note of Ext.P1, more particularly the*

*compensation/one-time assistance extended pursuant to Sl.No.11 of the schedule forming part of Ext.P1, as expeditiously as possible, at any rate, within a period of 12 weeks from the date of receipt of a copy of this judgment."*

2. പരാമർശം 2 ലെ കേരള ഹൈക്കോടതിയുടെ വിധി നടപ്പിലാക്കുനന്നതിന് പരാമർശം 1 പ്രകാരമുള്ള Rehabilitation Package ആയ 2,00,000/- രൂപ കേസുകളിലെ കക്ഷികൾക്ക് നൽകുന്നതിന് 3,40,00,000/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ദേശിയപാത വികസനത്തിന് ഭൂമി ഏറ്റടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കുന്ന കച്ചവടക്കാർക്ക് കേരള സർക്കാർ പുറപ്പെടുവിച്ച 29/12/2017ലെ സ.ഉ (എം എസ്) നം.448/2017/റവ ഉത്തരവിലെ 11-ാം ഇനത്തിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ബഹു ഹൈകോടതിയിൽ WP(c) 34591/18, W.P.(C) No.41816/2018, WP(c) 28438/2019, WP(c) 28457/2019 എന്നീ കേസുകളിലെ കക്ഷികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ 3,40,00,000/- രൂപ (മൂന്ന് കോടി നാൽപത് ലക്ഷം രൂപ മാത്രം) യുടെ ഭരണാനുമതി കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

4. പ്രസ്തുത തുക 2025-26 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ കണ്ണൂർ ജില്ലാ കളക്ടർക്ക് കൈമാറേണ്ടതാണ്.

5. പരാമർശം 2 വിധിന്യായം മേൽപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ(ആമുഖ കത്ത് സഹിതം)

ജില്ലാ കളക്ടർ, കണ്ണൂർ

ചീഫ് എഞ്ചിനീയർ(ദേശീയപാത വിഭാഗം), തിരുവനന്തപുരം

നിയമവകുപ്പ് (10.09.2025 ലെ OPN-G2/199/2025-LAW നമ്പർ കുറിപ്പ്)

ധനവകുപ്പ് (02.12.2025 ലെ ഇ-3303244/Exp-D3/176/2025-Fin നമ്പർ കുറിപ്പ്)

റവന്യൂ വകുപ്പ്(B1/180/2025/Rev ഫയൽ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 30-12-2025 18:11:46

സെക്ഷൻ ഓഫീസർ